**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3740** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി - 9, 10 ക്ലാസ്സുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി വിദേശപഠനത്തിനുള്ള ധനസഹായം അന്യസംസ്ഥാന പഠനസഹായം അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം ലാപ്ടോപ്പ് വിതരണം സാമൂഹ്യപഠന മുറി ഗോത്രബന്ധു പദ്ധതി മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റൽ സൗകര്യവും |
| (ബി) | കോവിഡും പ്രകൃതി ദുരന്തങ്ങളും മൂലം ഊരുകളിൽ കുടുങ്ങിപ്പോയ വിദ്യാർത്ഥികളുടെ പഠനം മുടങ്ങിപ്പോകാതിരിക്കുന്നതിന് ഈ സർക്കാർ ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാധ്യാപക വിദ്യാലയങ്ങൾ, നേഴ്സറി സ്കൂളുകൾ, MGLC-കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന മുറികളിലേയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ |

| | | | |
|---|---|---|---|
| | | | മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദ വിവരങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്ന തിനായി ഐ.റ്റി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടോ; | (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാതിരുന്ന കാലയളവിലെ വിവിധ ഗ്രാന്റുകൾ, സ്കോളർഷിപ്പുകൾ എന്നിവ സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാണെങ്കിൽ നൽകാമോ? | (ഡി) | 2020-21 അധ്യയന വർഷം പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽ നിന്നും 24,89,11,276/- രൂപയും, പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും 2,82,03,347/- രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽ നിന്നും 3,05,81,115/- രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും 16,41,57,361/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22 അധ്യയന വർഷം നാളിതുവരെ പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽ നിന്നും 11,30,92,288/- രൂപയും, പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും 29,95,619/- രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽ നിന്നും 30,84,550/- രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും 4,82,27,497/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ